**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **05-07-2022 - ൽ മറുപടിയ്ക്ക്**

**വെച്ചൂച്ചിറ പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വെച്ചൂചിറ പോളിടെക്നിക് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാകാത്തതിനാൽ നിർധനരായ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക്ക് കോളേജിനോടനുബന്ധിച്ച് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഇലക്ട്രിക്കൽ ഫിറ്റിങ് സിവിൽ വർക്കുകൾ എന്നിവ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കവാടത്തിലെ ഗ്രിൽ സ്ഥാപിക്കൽ,സ്റ്റെയർ കേസ് ഹാൻഡ് റെയിൽ ,റോഡ് നിർമ്മാണം ,പെയിന്റിംഗ് ജോലികൾ എന്നിവയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിലേക്കായി ഒരു കോടി രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവിക്ക് നിർദേശം നല്കിയിട്ടുണ്ട്. ഇത് പ്രകാരം ന്യൂനതകൾ പരിഹരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.** |
| (ബി) | പണി പൂർത്തിയാക്കാൻ ഇനി എത്ര തുക വേണ്ടി വരും എന്നാണ് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗം കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത തുക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക്ക് കോളേജിനോടനുബന്ധിച്ച് പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഇലക്ട്രിക്കൽ ഫിറ്റിങ് സിവിൽ വർക്കുകൾ എന്നിവ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കവാടത്തിലെ ഗ്രിൽ സ്ഥാപിക്കൽ,സ്റ്റെയർ കേസ് ഹാൻഡ് റെയിൽ ,റോഡ് നിർമ്മാണം ,പെയിന്റിംഗ് ജോലികൾ എന്നിവയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിലേക്കായി ഒരു കോടി രൂപയുടെ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയിലെ** |

| | | | |
|---|---|---|---|
| | | | **ന്യൂനതകൾ പരിഹരിച്ച് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവിക്ക് നിർദേശം നല്കിയിട്ടുണ്ട്. ഇത് പ്രകാരം ന്യൂനതകൾ പരിഹരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.** |
| (സി) | നടപ്പ് അധ്യയന വർഷം ഹോസ്റ്റൽ താമസ യോഗ്യമാക്കാൻ സാധിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും ന്യൂനതകൾ പരിഹരിച്ച എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കി വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ